File No.LSGD-EM2/341/2019-LSGD

"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

### സംഗ്രഹം

തൃശ്ശൂർ ജില്ലയിലെ കടപ്പുറം ഗ്രാമ പഞ്ചായത്ത് അഞ്ചാം വാർഡ് മെമ്പർ ശ്രീമതി റസിയയ്ക്ക് ചികിത്സാ ധനസഹായമായി 50,000/-(അമ്പതിനായിരം) രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഇഎം) വകുപ്പ്

സ.ഉ.(സാധാ) നം.2356/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/10/2019

പരാമർശം:- 1 കടപ്പുറം ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 5/07/2019 ലെ 17-ാം നം യോഗതീരുമാനം.

2 കടപ്പുറം ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടിന്റെ 15/07/2019 കത്ത്.

### ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ കടപ്പുറം ഗ്രാമ പഞ്ചായത്ത് അഞ്ചാം വാർഡ് മെമ്പർ ശ്രീമതി. റസിയയ്ക്ക് ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും 50,000/- രൂപ ചികിത്സാ ധനസഹായം അനുവദിക്കുന്നതിനായി, പരാമർശം ഒന്നിലെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം പഞ്ചായത്ത് പ്രസിഡണ്ട് അപേക്ഷ സമർപ്പിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ കടപ്പുറം ഗ്രാമ പഞ്ചായത്ത് അഞ്ചാം വാർഡ് മെമ്പർ ശ്രീമതി. റസിയയ്ക്ക് ചികിത്സാ ധനസഹായമായി 50,000/- രൂപ (അമ്പതിനായിരം രൂപ) ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിയ്ക്കുന്നതിന് കടപ്പുറം ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബീനമോൾ കെ ജെ
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത്, തൃശ്ശൂർ.
സെക്രട്ടറി/ പ്രസിഡണ്ട്, കടപ്പുറം ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ ജില്ല.
ശ്രീമതി. റസിയ, അഞ്ചാം വാർഡ് മെമ്പർ, കടപ്പുറം ഗ്രാമ പഞ്ചായത്ത്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്& ന്യൂ മീഡിയ)വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ